പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3430 — 19.06.2019-ലെ മറുപടിക്ക്

## ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് ദൂരപരിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് ദൂര പരിധി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഒരു സർവ്വീസ് പരമാവധി രണ്ടു ജില്ലകൾക്കുള്ളിൽ മാത്രമേ നടത്താവൂ എന്ന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | തീരുമാനിച്ചിട്ടില്ല. |
| (ബി) | ദൂരയാത്രയ്ക്ക് സൂപ്പർഫാസ്റ്റ് ബസുകളെ ആശ്രയിക്കേണ്ടി വരുന്നതിലൂടെ യാത്രക്കാർക്ക് അധികബാധ്യത ഉണ്ടാക്കുന്ന പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ദീർഘദൂര യാത്രക്കാർക്ക് വളരെയധികം പ്രയോജനകരമാകുന്ന രീതിയിൽ കൃത്യമായ സമയക്രമം പാലിച്ച് സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഈ സംവിധാനം കെ.എസ്.ആർ.ടി.സി.യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ